**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3217** **13-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിൽ സീനിയോരിറ്റി അവഗണിക്കുന്നതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ സൂപ്രണ്ട് തസ്തികയിൽ പ്രമോഷൻ/ട്രാൻസ്ഫർ നൽകുമ്പോൾ വകുപ്പിലെ സീനിയറായ ജീവനക്കാരെ അവരുടെ അപേക്ഷപ്രകാരം പരിഗണിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | **ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (മുൻ ഡി.പി.ഐ.) നിയന്ത്രണത്തിൽ സീനിയർ /ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ നടത്തുന്നത് ജി.ഒ.(പി) നം. 3/2017/ഉ.ഭ.പ.വ തീയതി 25.02.2017 ഉത്തരവിലെ വ്യവസ്ഥകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സ്പാർക്ക് മുഖാന്തിരം ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇപ്രകാരം സ്ഥലംമാറ്റം നടത്തികഴിയുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ സീനിയോറിറ്റി ക്രമപ്രകാരം പ്രമോഷൻ നടത്തിയാണ് നികത്തുന്നത്. പ്രമോഷന് അർഹതയുള്ള ജീവനക്കാരുടെ ഭരണപരമായ കാര്യനിർവ്വഹണശേഷിയും ഫീഡർ കാറ്റഗറിയിലെ മുൻകാല സേവന പരിചയവും കാര്യപ്രാപ്തിയും വിലയിരുത്തിയാണ് സ്ഥാനക്കയറ്റ നിയമനം നൽകി വരുന്നത്. ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ ഇത്തരം പരാതികൾ ലഭ്യമായതായി കാണുന്നില്ല.** |
| (ബി) | പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | **പരാതികൾ ലഭിച്ചിട്ടുണ്ട്. പൊതു സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന കാലഘട്ടങ്ങളിൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും അതത് കാലഘട്ടങ്ങളിൽ പരിശോധിച്ച് നിലവിലുള്ള സർക്കാർ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പരിഹരിച്ച് വരുന്നു.** |
| (സി) | പ്രസ്തുത പരാതികളിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) | പൊതു സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന കാലഘട്ടങ്ങളിൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും വ്യവസ്ഥാപിതമായി പരിശോധിച്ച് നിലവിലുള്ള സർക്കാർ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പരിഹരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ